**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1022** **11-02-2025 - ൽ മറുപടിയ്ക്ക്**

**ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | **കോതമംഗലം മണ്ഡലത്തിലെ ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട സിവിൽ വിഭാഗത്തിൽ വരുന്ന ചെക്ക് ഡാമുകളുടെ പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ടി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായ പമ്പ് ഹൗസ് സ്ഥിതി ചെയ്യുന്നത് പി.വി.ഐ.പി. ഭൂതത്താൻകെട്ട് ബാരേജിന്റെ അപ്സ്ട്രീം ഭാഗത്താകയാൽ ടി ബാരേജിലെ വാട്ടർ ലെവൽ കുറയുന്ന മുറയ്ക്ക് മാത്രമേ പമ്പ് ഹൗസിന്റെ പണികൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. കൂടാതെ സക്ഷൻ പൈപ്പ് കടന്നു പോകേണ്ട സ്ഥലത്തിന്റെ ഉടമസ്ഥത വനം വകുപ്പിന്റെയാകയാൽ ടി വകുപ്പിലേക്ക് തുക അടക്കേണ്ടതുണ്ട്. ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.**<br><br>**ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിലേക്ക് അടക്കേണ്ട തുക എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടില്ല. ആയത് അനുവദിച്ചു നൽകുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.** |
| (ബി) | പ്രസ്തുത പദ്ധതിയുടെ സ്റ്റേജ് II- ന് അംഗീകാരം ലഭിക്കുന്നതിനായി പരിവേഷ് പോർട്ടലിൽ വകുപ്പ് അടയ്ക്കാനുള്ള 40,39,000/-രൂപ അടച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | **എ പിരിവിൽ ചേർത്തിരിക്കുന്നു.** |
| (സി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | **എ പിരിവിൽ ചേർത്തിരിക്കുന്നു.** |

സെക്ഷൻ ഓഫീസർ